## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2501

12.03.2020-ലെ മറുപടി

**തഴക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ സർവ്വേ റിപ്പോർട്ടും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും ലഭ്യമാക്കുമോ; | (ബി) | മാവേലിക്കര മുനിസിപ്പാലിറ്റി, തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾ ചേർന്നിട്ടുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട് . ഇതിന്റെ ഹൈഡ്രോളിക് ഡിസൈൻ, ഡി.പി.ആർ തയ്യാറാക്കൽ എന്നിവ പുരോഗമിക്കുന്നു. 2020 മാർച്ച് അവസാനത്തോടെ ഡിസൈൻ പൂർത്തിയാക്കി 2020 ഏപ്രിൽ മാസത്തോടെ ഡി.പി.ആർ. പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ ഡിസൈൻ, വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ പുരോഗമിക്കുന്നു. പദ്ധതിക്കാവശ്യമായ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ